**File No.LSGD-DD1/605/2017-LSGD**

# കേരള സർക്കാർ

## <u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് ജോജന ഭവന പദ്ധതി പ്രകാരം സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥലം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് തിരികെ നൽകുന്നതിനും വീടും സ്ഥലവും വിൽക്കുന്നതിനും പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു

തദ്ദേശ സ്വയംഭരണ (ഡി .ഡി ) വകുപ്പ്

**സ.ഉ.(സാധാ) നം./592/2018/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,** 01/03/2018

**പരാമർശം:-** 1.ശ്രീമതി . സബൂറ & നാസർ , കോളശ്ശേരിക്കുറ്റി ലക്ഷം വീട് , ഞക്കനാൽ പി .ഒ ,കൃഷ്ണപുരം , ഗ്രാമവികസന കമ്മീഷണർക്കു സമർപ്പിച്ച നിവേദനം
2. ഗ്രാമവികസന കമ്മീഷണറുടെ 28.11.2017 തീയതിയിലെ 15084 /എച്ച് & റ്റി 1 /17 /സി ആർ ഡി നമ്പർ കത്ത്

## <u>ഉത്തരവ്</u>

ശ്രീമതി . സബൂറ & നാസർ , കോളശ്ശേരിക്കുറ്റി ലക്ഷം വീട് , ഞക്കനാൽ പി .ഒ ,കൃഷ്ണപുരം എന്നവർക്ക് 2014- 15 സാമ്പത്തിക വർഷത്തിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം ലഭിക്കുകയും വീട് പണി പൂർത്തിയാക്കുകയും ചെയ്തിരുന്നുവെങ്കിലും കടബാധ്യത കാരണം പ്രസ്തുത സ്ഥലം വിൽക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട്പരാമർശം -1 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2014 -15 സാമ്പത്തിക വർഷത്തിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം ടിയാൾക്ക് 2 ലക്ഷം രൂപ അനുവദിക്കുകയും വീട് പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് പരാമർ ശം - 2 പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് വീടും സ്ഥലവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിരുന്നു. ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ കടബാധ്യത കാരണം നിർമ്മാണം പൂർത്തിയാക്കിയ വീട്ടിൽ താമസിക്കാൻ പറ്റാത്ത അവസ്ഥയാണെന്നും അതിനാൽ വീട് ഒരു വർഷമായി പൂട്ടിയിട്ടിരിക്കുകയാണെന്നും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ഇവർക്ക് വസ്തുവും വീടും വിൽക്കാതെ കടം വീട്ടാൻ മറ്റ് മാർഗമില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ സർക്കാരിൽ നിന്നും ധനസഹായമായി കൈപ്പറ്റിയ തുകയും പലിശയും തിരികെ ഒടുക്കാമെന്ന വ്യവസ്ഥയിൽ പ്രസ്തുത കരാർ ഉടമ്പടി റദ്ദ് ചെയ്ത് വസ്തുവും വീടും വിൽക്കുവാൻ അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി . സബൂറ & നാസർ എന്നിവരുടെ ദയനീയാവസ്ഥ കണക്കിലെടുത്ത് , മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് , സർക്കാരിൽ നിന്നും ധനസഹായമായി കൈപ്പറ്റിയ തുകയും പലിശയും തിരികെ ഒടുക്കാമെന്ന വ്യവസ്ഥയിൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത വസ്തുവിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് വീടും സ്ഥലവും വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
സെക്രട്ടറി , മുതുകുളം ബ്ലോക്ക് പഞ്ചായത്ത്
ശ്രീമതി.സബൂറ & നാസർ, കോളശ്ശേരിക്കുറ്റി ലക്ഷം വീട്,
ഞക്കനാൽ പി .ഒ, കൃഷ്ണപുരം, PIN : 690533.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(എആന്റ് ഇ)കേരള, തിരുവനന്തപുരം
ഡയറക്ടർ , ഐ കെ എം ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018. 13:55:18 IST
Reason: Approved
സെക്ഷൻ ഓഫീസർ